## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3050 — 10/05/2017-ൽ മറുപടിക്ക്


# ജലജന്യ രോഗങ്ങൾ


**ചോദ്യം**

**ശ്രീ.എൻ.എ.നെല്ലിക്കുന്ന്**

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)


എ) ജലജന്യ രോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ;

എ) ഉണ്ട്. ജലജന്യ രോഗങ്ങളായ വയറിളക്ക-രോഗങ്ങൾ, മഞ്ഞപ്പിത്തം, ടൈഫോയ്ഡ് തുടങ്ങിയവ എല്ലാ ജില്ലയിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

ബി) എങ്കിൽ ഈ രോഗത്തിന്റെ ലക്ഷണങ്ങൾ എന്തൊക്കെയാണെന്നും ഏതെല്ലാം ജില്ലകളിലാണ് ഈ രോഗം ഉള്ളതെന്നും വ്യക്തമാക്കാമോ;

ബി) **മഞ്ഞപ്പിത്തം:-**

ശരീരവേദനയോടുകൂടിയ പനി, തലവേദന, ക്ഷീണം, ഓർക്കാനം, ഛർദ്ദി തുടങ്ങിയവയാണ് ഈ രോഗത്തിന്റെ പ്രാരംഭലക്ഷണങ്ങൾ. തുടർന്ന് മൂത്രത്തിലും കണ്ണിലും ശരീരത്തിലും മഞ്ഞനിറം പ്രത്യക്ഷപ്പെടുന്നു. ഈ അവസ്ഥയിൽ രക്തം പരിശോധിക്കുകയാണെങ്കിൽ രക്തത്തിൽ ബിലിറുബിൻ (BILIRUBIN) ന്റെ അളവ് കൂടിയിരിക്കുന്നതായി കാണപ്പെടും. കേരളത്തിലുടനീളം ഈ രോഗം കാണപ്പെടുന്നുണ്ട്. എന്നാൽ കൂടുതലായി ഈ രോഗം റിപ്പോർട്ട് ചെയ്തിട്ടുള്ളത് കൊല്ലം, എറണാകുളം, പാലക്കാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ നിന്നാണ്.

**വയറിളക്കരോഗം:-**

സാധാരണയിലും അയഞ്ഞ് ദ്രാവകരൂപത്തിൽ മലവിസർജ്ജനം ചെയ്യുന്ന അവസ്ഥയാണ് വയറിളക്ക-രോഗം. വയറിളക്കരോഗം പ്രധാനമായും രോഗാണുക്കൾ മൂലമാണുണ്ടാകുന്നത്. കുടിവെള്ളം വഴിയും ആഹാരത്തിൽ കൂടിയും രോഗാണുക്കൾ ശരീരത്തിൽ എത്തുക വഴിയാണ് വയറിളക്കരോഗം ഉണ്ടാകുന്നത്. തുടർച്ചയായ വയറിളക്കം മൂലം ധാരാളം ജലവും ലവണങ്ങളും ശരീരത്തിൽ നിന്നും നഷ്ടപ്പെടുന്ന അവസ്ഥയാണ് നിർജ്ജലീ-കരണം. പാനീയ ചികിത്സ മൂലം നിർജ്ജലീകരണം പരിഹരിക്കാവുന്നതാണ്. കേരളത്തിലുടനീളം വയറിളക്കരോഗം

കാണപ്പെടുന്നുണ്ട്. ഈ രോഗം കൂടുതലായി കാണപ്പെടുന്നത് തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിലാണ്.

**ടൈഫോയ്ഡ്:-**

കുറച്ചുദിവസമായി കൂടിവരുന്ന പനി, ദേഹം വേദന, ക്ഷീണം, വിശപ്പില്ലായ്മ തുടങ്ങിയവയാണ് സാധാരണയായി കണ്ടുവരുന്ന രോഗലക്ഷണങ്ങൾ. സാൽമൊണെല്ല ടൈഫി (S.TYPHI) വിഭാഗത്തിൽപ്പെട്ട ബാക്ടീരിയ ആഹാരത്തിലൂടെയും കുടിവെള്ളത്തിലൂടെയും ശരീരത്തിൽ പ്രവേശിച്ചാണ് രോഗമുണ്ടാകുന്നത്. കേരളത്തിലുടനീളം ഈ രോഗങ്ങൾ കാണപ്പെടുന്നുണ്ട്. കൂടുതലായി ഈ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് പാലക്കാട്, വയനാട്, മലപ്പുറം, കൊല്ലം ജില്ലകളിൽ നിന്നാണ്.

| | | | |
|---|---|---|---|
| സി) | ജലജന്യ രോഗങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | സി) | വയറിളക്കരോഗങ്ങൾ (കോളറ ഉൾപ്പെടെ), ടൈഫോയ്ഡ്, മഞ്ഞപ്പിത്തം |
| ഡി) | ഈ രോഗങ്ങൾ തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | ഡി) | ആരോഗ്യവകുപ്പ് ഈ രോഗങ്ങൾ തടയുന്നതിനുവേണ്ടി ശുദ്ധമായ കുടിവെള്ളത്തിന്റെ ഉപയോഗം (തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കാൻ ഉപയോഗിക്കുക), ആഹാര ശുചിത്വം, വ്യക്തിശുചിത്വം (സോപ്പ് ഉപയോഗിച്ച് കൈ കഴുകുക) പരിസര ശുചിത്വം എന്നിവ നടത്തിവരുന്നു. ഇതിൽ വാർഡ് ഹെൽത്ത് സാനിറ്റേഷൻ & ന്യൂട്രീഷൻ കമ്മിറ്റി (WHS & NC) ആശ (ASHA) എൽ.എസ്.ജി.ഡി (LSGD), വാട്ടർ അതോറിറ്റി (WATER AUTHORITY) തുടങ്ങിയവരുടെ സാന്നിദ്ധ്യവും ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒ.ആർ.എസ് (ORAL RE-HYDRATION SALT) ന്റെ ലഭ്യത സംസ്ഥാനത്ത് ഉടനീളം ഉറപ്പുവരുത്തിയിട്ടുണ്ട്. പൊതുകിണറുകളിൽ നിന്നും പൊതുടാപ്പുകളിൽ നിന്നും വെള്ളം ശേഖരിച്ച് പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നു. |

**സെക്ഷൻ ഓഫീസർ**